# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7217 — 11.07.2014 ൽ മറുപടിക്ക്

## കോഴിക്കോട് കുണ്ടുപറമ്പ് മാവേലിസ്റ്റോർ കെട്ടിടത്തിന്റെ വാടക

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കുണ്ടുപറമ്പിലുള്ള മാവേലിസ്റ്റോറിന് വാടക നൽകുന്നതുമായി ബന്ധപ്പെട്ട 9247/സി/13/ എഫ്&സി.എസ്.ഡി നമ്പർ ഫയൽ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് തീയതി സഹിതം വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ), (ബി) & (സി) കോഴിക്കോട് പുതിയങ്ങാടി പ്രദേശത്തെ മാവേലിസ്റ്റോറിന്റെ കെട്ടിട വാടക സംബന്ധിച്ച കത്ത് 05.07.2013 ൽ സർക്കാരിൽ ലഭിച്ചിരുന്നു. മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത കത്തിന്റെ പകർപ്പ് 15.07.2013ന് സപ്ലൈകോയ്ക്ക് നൽകിയിരുന്നു. കുണ്ടുപറമ്പ് മാവേലിസ്റ്റോറിന്റെ മൂന്നാം വർഷത്തെ വാടക സപ്ലൈകോ നൽകുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബോർഡ് 23.12.2013 ൽ തീരുമാനിക്കുകയും ആയതിനുള്ള നിർദ്ദേശം കോഴിക്കോട് മേഖലാ മാനേജർക്ക് 18.01.2014 ന് നൽകുകയും ചെയ്തു എന്ന് 04.07.2014 ലെ കത്ത് പ്രകാരം സപ്ലൈകോ സർക്കാരിനെ അറിയിച്ചിരുന്നു. കുണ്ടുപറമ്പ് മാവേലിസ്റ്റോറിന്റെ മൂന്നാം വർഷത്തെ വാടക കുടിശ്ശികയായ 70056/ (എഴുപതിനായിരത്തി അൻപത്തി ആറ് രൂപ) കെട്ടിട ഉടമയ്ക്ക് 07.07.2014 ലെ 10122709 നമ്പർ ചെക്കു പ്രകാരം നൽകിയിട്ടുള്ളതായി 08.07.2014 ൽ സപ്ലൈകോ സർക്കാരിൽ അറിയിച്ചിട്ടുണ്ട് .

Beena

സെക്ഷൻ ഓഫീസർ